# തൃശ്ശൂർ കോർപ്പറേഷൻ

## വിവിധ ക്ഷേമപദ്ധതികൾ - അപേക്ഷ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ

1. **തൊഴിൽരഹിത വേതനം**
   1) അപേക്ഷ - 2 പകർപ്പ് (എംപ്ലോയ്മെന്റ് ഓഫീസിൽ പേർ രജിസ്റ്റർ ചെയ്ത് 3 വർഷം പൂർത്തിയായ 21 നും 35 നും മദ്ധ്യേപ്രായമുള്ള യുവതി - യുവാക്കൾക്ക് അപേക്ഷിക്കുന്ന മേൽ കാലയളവിൽ തുടർച്ചയായി 1 വർഷം ജോലിയുള്ളവർക്ക് അപേക്ഷിക്കാൻ പാടില്ല. അപേക്ഷകർ എസ്.എസ്.എൽ.സി. പാസായിരിക്കണം. പട്ടികജാതി / വർഗ്ഗത്തിൽപ്പെട്ടവർ എസ്.എസ്.എൽ.സി തോറ്റാലും അർഹതയുള്ളതാണ്).
   2) രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ് (പുതുക്കിയിട്ടുള്ളത്)
   3) എസ്.എസ്.എൽ.സി. ബുക്കിന്റെ ആദ്യപേജും, മാർക്ക് ലിസ്റ്റും
   4) വരുമാന സർട്ടിഫിക്കറ്റ് (വരുമാനം അന്വേഷണ ഉദ്യോഗസ്ഥർ നിശ്ചയിക്കേണ്ടതും, ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 530 എ (1) (2) വകുപ്പുകൾപ്രകാരം വരുമാന സർട്ടിഫിക്കറ്റ് നല്കുന്നതിന് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതാണ്.

2. **കർഷക തൊഴിലാളി പെൻഷൻ**
   1) അപേക്ഷ - 2 പകർപ്പ്
   2) വരുമാന സർട്ടിഫിക്കറ്റ് ( 11000/- ക. യിൽ താഴെ)
   3) വയസ്സുതെളിയിക്കുന്നതിന് (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം) 60 വയസ്സ് പൂർത്തിയാകണം.
   4) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
   5) കർഷകതൊഴിലാളിയാണെന്ന കർഷകന്റെ സർട്ടിഫിക്കറ്റ് (കൃഷിഭൂമിയുടെ സർവ്വെ നമ്പർ സഹിതം)
   6) റേഷൻ കാർഡിന്റെ പകർപ്പ്.

3. **50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ**
   1) അപേക്ഷ - 2 പകർപ്പ്
   2) അവിവാഹിതയാണെന്ന് വില്ലേജ് ഓഫീസർ നല്കുന്ന സാക്ഷ്യപത്രം.
   3) വരുമാന സർട്ടിഫിക്കറ്റ് (അപേക്ഷകയുടെ വാർഷികവരുമാനം 6000/- ക. യിൽ താഴെ)
   4) വയസ്സുതെളിയിക്കുന്ന രേഖ
   5) കൗൺസിലറുടെ സാക്ഷ്യപത്രം
   6) റേഷൻ കാർഡിന്റെ പകർപ്പ്.

4. **ദേശീയ വാർദ്ധക്യകാല പദ്ധതി**
   1) അപേക്ഷ - 2 പകർപ്പ്
   2) 65 വയസ്സിനു മുകളിൽ പ്രായമുള്ളവരായിരിക്കണം. (സർക്കാർ ഡോക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കണം)
   3) വരുമാന സർട്ടിഫിക്കറ്റ് (വാർഷിക വരുമാനം 11,000/- ക. യിൽ താഴെ)
   4) 20 വയസ്സിനു മുകളിൽ ആൺമക്കൾ ഇല്ലാത്തവരായിരിക്കണം.
   5) റേഷൻ കാർഡിന്റെ പകർപ്പ്.

5. **സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം.**
   1) അപേക്ഷ - 2 പകർപ്പ് (വിവാഹത്തിന് 1 മാസംമുമ്പ് അപേക്ഷ നല്കണം. തക്കതായ കാരണം കൊണ്ട് അപേക്ഷിക്കാൻ സാധിക്കാതെ വരുന്നപക്ഷം മാപ്പപേക്ഷ ഹാജരാക്കി 3 മാസത്തിനകം അപേക്ഷിക്കാം.)
   2) വരുമാന സർട്ടിഫിക്കറ്റ് (വാർഷിക കുടുംബ വരുമാനം 10,000/- ക. യിൽ താഴെ)
   3) ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റും, പരേതൻ അപേക്ഷകയുടെ നിയമാനുസൃതഭർത്താവും, വധുവിന്റെ പിതാവുമാണെന്നു തെളിയിക്കുന്ന രേഖയും / വിധവാ സർട്ടിഫിക്കറ്റ്.
   4) പെൺകുട്ടിയുടെ ജനനതിയ്യതി തെളിയിക്കുന്ന രേഖ.
   5) വിവാഹക്ഷണകത്ത്.
   6) സാക്ഷ്യപത്രം (അപേക്ഷകയുടേയും, പ്രതിശ്രുത വരന്റെയും)
   7) റേഷൻ കാർഡിന്റെ പകർപ്പ്.

(മറുപുറം)

6. വിധവാ പെൻഷൻ

1) അപേക്ഷ - 2 പകർപ്പ്
2) വരുമാന സർട്ടിഫിക്കറ്റ് ( വാർഷിക വരുമാനം 3600/- ക. യിൽ താഴെ)
3) ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്
4) വിധവാ സർട്ടിഫിക്കറ്റ്
5) പ്രായപൂർത്തിയായ ആൺമക്കൾ ഉള്ളവർക്ക് അർഹതയില്ല. (മൂത്തമകന് 18 വയസ്സ് തികയുന്ന തിയ്യതിവരെ മാത്രമെ പെൻഷൻ അനുവദിക്കുകയുള്ളൂ. ആൺകുട്ടിയുണ്ടെങ്കിൽ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം.
6) റേഷൻ കാർഡിന്റെ പകർപ്പ്.

7. വികലാംഗ പെൻഷൻ / മന്ദബുദ്ധികൾക്കുള്ള പെൻഷൻ

1) അപേക്ഷ - 2 പകർപ്പുകൾ
2) വികലാംഗത 40% ത്തിലധികം - മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കണം.
3) വരുമാന സർട്ടിഫിക്കറ്റ് - കുടുംബവരുമാനം (വാർഷിക) 6000/- രൂപയ്ക്ക് താഴെയും, അപേക്ഷകന്റെ പ്രതിവർഷവരുമാനം 3000/- ക. യ്ക്ക് താഴെയുമായിരിക്കണം.
4) റേഷൻ കാർഡിന്റെ പകർപ്പ്.

8. ബാലികാ സമൃദ്ധി യോജന :- (15-8-97 നു ശേഷം ജനിച്ച പെൺകുട്ടികൾക്ക് മാത്രം ഒരമ്മയുടെ രണ്ട് മക്കൾക്ക് മാത്രമെ ലഭിക്കൂ)

1) അപേക്ഷ - പകർപ്പുകൾ 2 എണ്ണം.
2) പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് .
3) വരുമാന സർട്ടിഫിക്കറ്റ് (ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മാത്രം)

9. ദേശീയ പ്രസവ ക്ഷേമപദ്ധതി

1) അപേക്ഷ - 2 പകർപ്പുകൾ .
2) വരുമാന സർട്ടിഫിക്കറ്റ് (ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മാത്രം)
3) പ്രൈമറിഹെൽത്ത് സെന്റർ രജിസ്ട്രേഷൻ വേണം (മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്)